## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 4853** **22.03.2018 -ൽ മറുപടിയ്ക്ക്**

### ചെറായി ബീച്ചിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ : | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചെറായി ബീച്ചിൽ എറണാകുളം ഡി.ടി.പി.സി. മുഖാന്തിരം സർക്കാർ നടപ്പാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് 2018 മാർച്ച് മാസത്തിൽ ഡി.ടി.പി.സി.യുടെ നേതൃത്വത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ വച്ച് ചേർന്ന യോഗത്തിൽ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നുവെന്ന് വിശദമാക്കാമോ; | എ) ചെറായി ബീച്ച് വികസനപ്രവർത്തനങ്ങൾ ഡി.ററി.പി.സി മുഖേന കേരള ഇലക്ട്രിക്കൽസ് ലിമിററഡ് എന്ന സ്ഥാപനം വഴി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടു ണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നിർവ്വഹണ പ്രവർത്തനങ്ങൾ ഏകോപനം ചെയ്യുന്നതിന്റെ ഭാഗമായി, ടൂറിസം സ്റ്റേക് ഹോൾഡേഴ്സിന്റെ ഒരു യോഗം ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം 03/3/2018ൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ വച്ച് കൂടുകയുണ്ടായി. ഈ യോഗത്തിൽ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജനറൽ മാനേജർ, കേരള ഇലട്രിക്കൽസ് ലിമിററഡ്, എക്സി.എഞ്ചിനീയർ തുറമുഖ വകുപ്പ്, എം.ഡി, മുസരീസ് പൈതൃക പദ്ധതി, സൂപ്പർവൈസർ, ജില്ലാ നിർമ്മിതികേന്ദ്ര, തഹസിൽദാർ, വില്ലേജ് ഓഫീസർ, ഡി.ററി.പി.സി സെക്രട്ടറി, തുടങ്ങിയവരും കൂടാതെ പള്ളിപ്പുറം പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർമാർ ഡി.ററി.പി.സി എക്സിക്യൂട്ടീവ് കമ്മിററി മെമ്പർ തുടങ്ങിയവരും ടൂറിസം മേഖലയെ പ്രധിനിധീകരിച്ച് ചെറായ് ടൂറിസം അസോസിയേഷന്റെ പ്രസി ഡന്റ്/സെക്രട്ടറി/ ഭരണസമിതിയംഗങ്ങൾ എന്നിവരുമാണ് പങ്കെടുത്തിട്ടുള്ളത് |
| (ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) വൈപ്പിൻ നിയോജകമണ്ഡലത്തിലുൾപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായ ചെറായി ബീച്ചിലെ സുപ്രധാന പ്രവൃത്തികൾ സംബന്ധിച്ച യോഗം പ്രദേശത്തെ എം.എൽ.എ. യെ അറിയിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ; | (സി) (ഡി) അറിയിച്ചിരുന്നില്ല. ഗ്രീൻകാർപ്പെററ് പദ്ധതി യിലുൾപ്പെടുത്തി ചെറായ് ബീച്ചിലെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയ സാഹചര്യത്തിൽ പ്രദേശത്തെ ടൂറിസം സ്റേറക് ഹോൾഡേഴ്സിനെകൂടി പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രാരംഭ യോഗമായിരുന്നു ജില്ലാകളക്ടർ നടത്തിയത്. |
| (ഡി) ഇല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | |
| (ഇ) ഭാവിയിൽ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ. യെ അറിയിക്കുന്നതിനും അഭിപ്രായങ്ങൾ ആരായുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ഭാവിയിൽ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ.യെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് സമ്മേളന ഹാളിൽ മാർച്ച് , 3-ാം തിയതി 11 മണിക്ക് കൂടിയ ടൂറിസം സ്റ്റേക് ഹോൾഡേഴ്സിന്റെ യോഗം

സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലുൾപ്പെട്ട ചെറായ് ഡവലപ്മെന്റ് വർക്സ് എന്ന പദ്ധതിക്ക് 7/2/2018 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പശ്ചാത്തലത്തിൽ ചെറായ് ബീച്ചിലെ ടൂറിസം സ്റ്റേക്ഹോൾഡേഴ്സിന്റെ ഒരു യോഗം ജില്ലാ കളക്ടർ കൂടിയായ ഡിറ്റിപിസി ചെയർമാന്റെ അദ്ധ്യക്ഷതയിൽ 3/3/2018, 11 മണിക്ക് പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 1 വർഷം മുൻപ് ടൂറിസം വകുപ്പിന് സമർപ്പിച്ച പദ്ധതിയിലെ വിവിധ ഘടകങ്ങൾ ഡിറ്റിപിസി സെക്രട്ടറി വിവരിക്കുകയും, ആയതിന്റെ ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ, അവ സമയബന്ധിതമായി നടപ്പാക്കുന്നതിനായി ലക്ഷ്യമിട്ടുള്ള ഒരു പ്രാരംഭ യോഗമാണിതെന്നും, ഇതുമായി ബന്ധപ്പെട്ട് പ്രദേശത്തെ ടൂറിസം സ്റ്റേക് ഹോൾഡേഴ്സിന്റെ കൂടി അഭിപ്രായങ്ങൾ ആരായുന്നതിനും, ഉദ്യോഗസ്ഥ തലത്തിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ ഏകോപനം ഉറപ്പു വരുത്തുകയാണ് ഈ യോഗത്തിന്റെ ഉദ്ദേശമെന്നും, അതനുസരിച്ച് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരമാണ് ഈ യോഗം ചേരുന്നതെന്നും സെക്രട്ടറി അറിയിച്ചു. സർക്കാർ രൂപീകരിച്ചിട്ടുള്ള ടൂറിസം പ്രോജക്റ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ വിപുലമായ യോഗം പദ്ധതി നിർവ്വഹണമാരംഭിക്കുന്നതിനു മുൻപ് ചേരുന്നതിനാവശ്യമായ നിർദ്ദേശം നൽകുമെന്നും ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു. തുടർന്ന്, ടൂറിസം മേഖലയെ പ്രതിനിധീകരിച്ചെത്തിയവർ ചെറായ് ബീച്ചിലെ ലൈറ്റിംഗ്, റോഡിന്റെ അവസ്ഥ, മാലിന്യ നിർമാർജ്ജനം തുടങ്ങിയ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും, മറ്റ് ജനപ്രതിനിധികളും ചർച്ചയിൽ സജീവമായി പങ്കെടുത്തു. ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കെൽ എന്ന സ്ഥാപനത്തിലെ ജനറൽ മാനേജർ പദ്ധതി ഘടകങ്ങളുടെ വിശദീകരണം നടത്തുകയും, പഞ്ചായത്തിന്റെ അനുമതി ലഭിക്കുന്ന മുറക്ക് പദ്ധതി നിർവ്വഹണത്തിനുള്ള മറ്റ് നടപടികൾ പൂർത്തിയാക്കുമെന്നും അറിയിച്ചു. ബീച്ച് കോറിഡോർ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹാർബർ എഞ്ചിനീയറിംഗ്

വകുപ്പിന്റെ പ്രതിനിധികളും അവർ മുഖേന നടപ്പാക്കുന്ന പദ്ധതി ഘടകങ്ങൾ വിവരിക്കുകയും പഞ്ചായത്ത് പെർമിറ്റിനായുള്ള അപേക്ഷ ഉടൻ സമർപ്പിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. CRZന്റെ അനുമതി ആവശ്യമായവയ്ക്ക് പ്രത്യേകം അപേക്ഷ നൽകണമെന്നും യോഗം തീരുമാനിച്ചു. ഗ്രാമ പഞ്ചായത്ത് ഹാർബർ എഞ്ചിനീയറിംഗ്, കെൽ പ്രതിനിധികൾ സംയുക്ത സ്ഥലപരിശോധന യോഗ ശേഷം നടത്തണമെന്നും, നിർവ്വഹണമാരംഭിക്കുന്നതിന് മുന്നോടിയായുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും യോഗം നിശ്ചയിച്ചു.

ചെറായ് ബീച്ച് കേന്ദ്രീകരിച്ച് നടക്കുന്ന സ്വകാര്യ ജലകായിക വിനോദ സംരംഭം, ഡിറ്റിപിസിയുടെ നേതൃത്വത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും സുരക്ഷിതമായ വിനോദോപാധികൾ സന്ദർശകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പ്രചാരണം നൽകുന്നതിന് ഡിറ്റിപിസി ഭരണസമിതി തീരുമാന പ്രകാരം കരാർ വെച്ചിട്ടുണ്ടെന്ന കാര്യവും യോഗത്തെ അറിയിച്ചു. ഗ്രീൻ കാർപ്പെറ്റ് പദ്ധതി സമയബന്ധിതമായി പൂർത്തീയാക്കുന്നതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് യോഗം അഭ്യർത്ഥിക്കുകയും അപ്രകാരം 12 മണിയ്ക്ക് യോഗം അവസാനിക്കുകയും ചെയ്തു.

ജില്ലാ കളക്ടർ & ചെയർമാൻ

ഡിറ്റിപിസി എറണാകുളം

എറണാകുളം

3/3/2018

സെക്ഷൻ ഓഫീസർ